A4/74675/2016/ധ

നമ്പർ. ~~A4/71643/16~~

പരീക്ഷാ കമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, തിരുവനന്തപുരം.

തീയതി: 28-12-2016

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - പത്താം ക്ലാസിലെ മോഡൽ ഐ.ടി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 28.09.2012-ലെ G.O(Rt) 4610/2012 നമ്പർ സർക്കാർ ഉത്തരവ്

പത്താംക്ലാസിലെ ഈ വർഷത്തെ മോഡൽ ഐ.ടി പരീക്ഷ ഇതിനായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 2017 ജനവരി 30-ന് തുടങ്ങി ഫെബ്രുവരി 10-നകം പൂർത്തിയാക്കേണ്ടതാണ്. പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (1) ൽ ചേർത്തിരിക്കുന്നു.

സംയോജിത വിദ്യാഭ്യാസ പദ്ധതി (IED Scheme) പ്രകാരം സാധാരണ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, കേരള കലാമണ്ഡലം ആർട്ട് ജി.എച്ച്.എസ്-ലെ വിദ്യാർത്ഥികൾ എന്നിവർക്കും മോഡൽ പരീക്ഷ ഇതേ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നടത്തേണ്ടത്. സ്പെഷ്യൽ സ്കൂളുകളിലെ (Schools for Hearing Impaired) വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നതിന് പ്രത്യേകമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടതാണ്.

സംസ്ഥാനതലം, വിദ്യാഭ്യാസജില്ലാതലം, സ്കൂൾതലം എന്നിവിടങ്ങളിൽ പരീക്ഷയുടെ തയ്യാറെടുപ്പ്, നടത്തിപ്പ്, മൂല്യനിർണ്ണയം, റിപ്പോർട്ടുകൾ സമർപ്പിക്കൽ തുടങ്ങിയ ചുമതലകൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

I **പത്താം ക്ലാസിലെ മോഡൽ ഐടി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ ഐടി@സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചുമതലയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ചെയ്യേണ്ടത്.**

1 മോഡൽ ഐടി പരീക്ഷ നടത്തുന്നതിനായി പരീക്ഷാ കേന്ദ്രങ്ങളിൽ വിതരണം ചെയ്യേണ്ട പരീക്ഷാസാമഗ്രികൾ 2017 ജനവരി 26-ന് മുമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്.

2 പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾക്കും സംശയനിവാരണത്തിനുമായി ജില്ലയിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം സജ്ജമാക്കേണ്ടതാണ്. ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഐടി@സ്കൂൾ പ്രോജക്റ്റിന്റെ സംസ്ഥാന ഓഫീസിൽ സൗകര്യം ഒരുക്കേണ്ടതാണ്. (0471-2529800).

II **മോഡൽ ഐടി പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിദ്യാഭ്യാസ ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവാദിത്തത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.**

1 വിദ്യാഭ്യാസ ജില്ലയിലെ എല്ലാ സ്കൂളുകൾക്കും ഐടി പരീക്ഷ നടത്തുന്നതിനാവശ്യമായ പരീക്ഷാ സാമഗ്രികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും ഇവ യഥാസമയം ജില്ലയിലുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

2 പരീക്ഷ നടക്കുന്ന അവസരത്തിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ യഥാസമയം പരിഹരിക്കുകയും ആവശ്യമായ സാങ്കേതിക സഹായം എത്തിക്കുകയും ചെയ്യുന്നതിന് വിദ്യാഭ്യാസ ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഹെൽപ്പ് ഡസ്ക് സജ്ജീകരിക്കേണ്ടതാണ്. (അതിലേക്ക് ജില്ലയിലെ ഏതാനും മാസ്റ്റർട്രെയിനർമാരെ നിയോഗിക്കാവുന്നതാണ്).

3 വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും നിശ്ചിത ദിവസങ്ങൾക്കുള്ളിൽ ഐടി പരീക്ഷ പൂർത്തിയാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4 പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൊണ്ടുവരുന്ന സ്കോർഷീറ്റിന്റെ പ്രിന്റ് ഔട്ട്, റിസൾട്ട് സിഡി എന്നിവ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സ്വീകരിച്ച് രസീത് നൽകേണ്ടതാണ്. ഇതിനായി ജില്ലയിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

5 ഐടി പരീക്ഷ നടക്കുന്ന ദിവസങ്ങളിൽ ജില്ലാവിദ്യാഭ്യാസ ഓഫീസർ പരീക്ഷാകേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ മേൽനോട്ടം നടത്തേണ്ടതും ആയതിന്റെ സന്ദർശന റിപ്പോർട്ട് തയ്യാറാക്കി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. സന്ദർശന റിപ്പോർട്ടിന്റെ ഒരു പകർപ്പ് മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ മുഖാന്തിരം ഐടി@സ്കൂൾ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

6 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ശേഖരിച്ച സ്കോർഷീറ്റുകൾ പരിശോധന നടത്തുന്നതിനായി ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ 2017 ഫെബ്രുവരി 16-നു മുമ്പ് മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ മുഖാന്തിരം എത്തിക്കേണ്ടതാണ്.

**III ഐടി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂൾതലത്തിൽ താഴെപറയുന്ന ക്രമീകരണങ്ങൾ സ്കൂൾ ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്.**

1 ഐടി പരീക്ഷ നടത്തുന്നതിനു വേണ്ട പരീക്ഷാ സാമഗ്രികൾ യഥാസമയം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഏറ്റുവാങ്ങേണ്ടതാണ്.

2 പരീക്ഷ തുടങ്ങുന്നതിന് 2 ദിവസം മുമ്പ് സ്കൂളിൽ ആവശ്യമായ കമ്പ്യൂട്ടറുകൾ ഉണ്ടെന്നും അവയെല്ലാം പ്രവർത്തന സജ്ജമാണെന്നും എല്ലാ കമ്പ്യൂട്ടറുകളിലും ഐടി@സ്കൂൾ ഗ്നൂലിനക്സ് 14.04 ഓപ്പറേറ്റിംഗ് സിസ്റ്റം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തിയിരിക്കണം. ഇതിനായി സ്കൂളിലെ SITC/Joint SITC മാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

3 സ്കൂളിലെ SITC, Joint SITC, പത്താം ക്ലാസിൽ ഐടി പഠിപ്പിക്കുന്ന അധ്യാപകർ എന്നിവരെ ഐടി പരീക്ഷ നടത്തുന്നതിനുള്ള ഇൻവിജിലേറ്റർമാരായി നിയോഗിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഹൈസ്കൂൾ ക്ലാസുകളിൽ ഐടി പഠിപ്പിക്കുന്ന മറ്റ് അധ്യാപകരെയും ഇൻവിജിലേറ്റർമാരായി നിയോഗിക്കാം. <u>**(ഇൻവിജിലേറ്റർമാരായി നിയോഗിക്കപ്പെടുന്നവരും സ്കൂൾ പ്രഥമാധ്യാപകനും അല്ലാതെ മറ്റാരെയും പരീക്ഷാവേളയിൽ കമ്പ്യൂട്ടർ ലാബിൽ പ്രവേശിക്കാൻ അനുവദിക്കരുത്).**</u>

4 മോഡൽ പരീക്ഷയ്ക്കായി കുട്ടികൾക്ക് 99-ൽ തുടങ്ങുന്ന ഒരു താൽക്കാലിക രജിസ്റ്റർ നമ്പർ അനുവദിക്കേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന ക്രമം സ്വീകരിക്കാവുന്നതാണ്.

99+ഡിവിഷൻ കോഡ് + കുട്ടിയുടെ ക്ലാസ് നമ്പർ

ഡിവിഷൻ കോഡ് = A യ്ക്ക് 01, B യ്ക്ക് 02 എന്ന ക്രമത്തിൽ

ഉദാ:- പത്താം ക്ലാസ് സി ഡിവിഷനിൽ പഠിക്കുന്ന ക്ലാസ് നമ്പർ 5 ആയ കുട്ടിക്ക് നൽകേണ്ട രജിസ്റ്റർ നമ്പർ 990305

ഈ രീതിയിൽ രജിസ്റ്റർ നമ്പർ തയ്യാറാക്കി പരീക്ഷയ്ക്ക് മുമ്പ് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

5 മൂന്ന് മുതൽ അഞ്ചുവരെ കമ്പ്യൂട്ടറുകൾക്ക് ഒരാൾ എന്ന അനുപാതത്തിലാണ് ഇൻവിജിലേറ്റർമാരെ നിയോഗിക്കേണ്ടത്.

6 ഐടി പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്ന കുട്ടികളുടെ പരീക്ഷാതീയതികൾ ക്രമീകരിച്ചുകൊണ്ടുള്ള പട്ടിക (മാതൃക - Form P1) തയ്യാറാക്കി 2017 ജനവരി 20-ന മുമ്പ് പരീക്ഷാ കേന്ദ്രത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. (ഓരോ ദിവസവും രാവിലെ 9.30-ന് പരീക്ഷ ആരംഭിച്ച് വൈകിട്ട് 4.30-ന് തീരുന്ന രീതിയിലായിരിക്കണം പട്ടിക തയ്യാറാക്കേണ്ടത്. ഈ സമയക്രമത്തിൽ നിശ്ചിത ദിവസങ്ങൾ കൊണ്ട് പരീക്ഷ പൂർത്തിയാക്കാൻ കഴിയില്ല എങ്കിൽ രാവിലെ 8 മുതൽ 12.30 വരെയും ഉച്ചയ്ക്ക് 1 മുതൽ 5.30 വരെയും രണ്ട് ഷിഫ്റ്റുകളിലായി പരീക്ഷ ക്രമീകരിക്കേണ്ടതാണ്).

7 പരീക്ഷ തുടങ്ങുന്നതിന് ഒരു ദിവസം മുമ്പായി SITC/Joint SITC/ഇൻവിജിലേറ്റർ എന്നിവരുടെ സഹായത്താൽ പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന എല്ലാ കമ്പ്യൂട്ടറുകളിലും പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്.

8 പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തശേഷം പരീക്ഷ നടത്തുന്നതിനുള്ള പാസ്‌വേഡുകൾ രഹസ്യമായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

9 വൈദ്യുതിത്തകരാറുമൂലം പരീക്ഷ തടസ്സപ്പെടാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ (ഇൻവെർട്ടർ, ജനറേറ്റർ) സ്വീകരിക്കേണ്ടതാണ്.

10 സ്കൂളിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സഹായം ആവശ്യമെങ്കിൽ ജില്ലാ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്കിന്റെ സഹായം തേടാവുന്നതാണ്.

11 ലാബിലെ പ്രവർത്തനസജ്ജമായ എല്ലാ കമ്പ്യൂട്ടറുകളിലും സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തതിനുശേഷം സോഫ്റ്റ്‌വെയർ സിഡി സ്കൂൾ ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്തത്തിൽ സ്കൂളിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

12 ഒരു പരീക്ഷാ കേന്ദ്രത്തിലേക്ക് തന്നിരിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ പരീക്ഷാ കേന്ദ്രത്തിനു വെളിയിലുള്ള കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യുകയോ അതിന്റെ പകർപ്പ് എടുത്ത് പുറത്ത് കൊണ്ടുപോകുകയോ ചെയ്യാൻ പാടുള്ളതല്ല.

13 ഓരോ ദിവസവും പരീക്ഷ തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി പരീക്ഷക്കുപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ എല്ലാം പ്രവർത്തിപ്പിച്ച് സമയവും തീയതിയും ശരിയാണെന്ന് ഉറപ്പുവരുത്തി പരീക്ഷ തുടങ്ങുന്നതിനുള്ള സ്ക്രീൻ ഒരുക്കി നിർത്താൻ വേണ്ട നിർദ്ദേശം ഇൻവിജിലേറ്റർക്ക് നൽകേണ്ടതാണ്.

14 പരീക്ഷ നടക്കുന്ന ഓരോ ദിവസവും ആദ്യ ബാച്ചിൽ പരീക്ഷ എഴുതുന്ന കുട്ടികൾ നറുക്കെടുപ്പിലൂടെ അവർക്ക് ചെയ്യാനുള്ള കമ്പ്യൂട്ടർ തെരഞ്ഞെടുക്കുന്നതും പിന്നീട് കമ്പ്യൂട്ടറുകളിൽ തുടർച്ചയായി പരീക്ഷ നടത്തുകയും ചെയ്യേണ്ടതാണ്. (പരീക്ഷാ സമയം 60 മിനിട്ട് ആണെന്നിരിക്കെ ഒരു കുട്ടി നിശ്ചിതസമയത്തിനു മുമ്പ് പരീക്ഷ പൂർത്തിയാക്കിയാൽ ഉടൻ തന്നെ മൂല്യനിർണയം നടത്തുകയും ക്രമമനുസരിച്ചുള്ള അടുത്ത കുട്ടിയെ ആ കമ്പ്യൂട്ടറിൽ പരീക്ഷക്കിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്).

15 പരീക്ഷയിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർത്ഥിയിൽ നിന്നും പരീക്ഷ തുടങ്ങുന്നതിനു മുമ്പ് അവരുപയോഗിക്കുന്ന കമ്പ്യൂട്ടർ നമ്പർ പരീക്ഷാരജിസ്റ്ററിൽ (മാതൃക Form P-2) രേഖപ്പെടുത്തി ഒപ്പ് വെച്ച് വാങ്ങേണ്ടതാണ്. (ഇൻവിജിലേറ്ററുടെ സാന്നിദ്ധ്യത്തിൽമാത്രമേ കുട്ടികൾ പരീക്ഷയിൽ പങ്കെടുക്കുന്നുള്ളൂ എന്നും കുട്ടികൾ കമ്പ്യൂട്ടറിലെ ക്രമീകരണങ്ങളിൽ മാറ്റം വരുത്തില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്).

16 പരീക്ഷ തുടങ്ങുന്നതിന്റെ തലേ ദിവസം പരീക്ഷയെഴുതേണ്ട എല്ലാ വിദ്യാർത്ഥികളേയും വിളിച്ചുകൂട്ടി പരീക്ഷയെ സംബന്ധിച്ച് താഴെപ്പറയുന്ന പൊതു നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. തദവസരത്തിൽ പരീക്ഷയുടെ ഒരു ഡെമോൺസ്ട്രേഷൻ പൊതുവായി നടത്തുന്നതും ഉചിതമായിരിക്കും.

- പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടിയുടെ വിവരങ്ങൾ നൽകിയ ശേഷം പരീക്ഷ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്താൽ ആദ്യം തിയറി പരീക്ഷാഭാഗമാണ് ദൃശ്യമാകുന്നത്. ഇവിടെ രണ്ട് വിഭാഗങ്ങളിലായി 15 ചോദ്യങ്ങൾക്കാണ് ഉത്തരം നൽകേണ്ടത്. തിയറി ഭാഗം പൂർത്തിയായാൽ പ്രാക്ടിക്കൽ ഭാഗത്തേക്ക് കടക്കാൻ കഴിയും. പ്രാക്ടിക്കൽ ഭാഗത്ത് 4 ഗ്രൂപ്പുകളിലായി രണ്ടു ചോദ്യങ്ങൾ വീതം പ്രദർശിപ്പിച്ചിട്ടുണ്ടാവും. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ ചോദ്യം വീതം തെരഞ്ഞെടുത്ത് പരീക്ഷ ചെയ്യണം.
- പ്രാക്ടിക്കൽ ഭാഗത്ത് ഓരോ ചോദ്യത്തിനുമുള്ള പ്രവർത്തനങ്ങൾ ഇൻവിജിലേറ്റർ പരിശോധിച്ച് സ്കോർ രേഖപ്പെടുത്തിയശേഷം മാത്രമേ ആ ജാലകം ക്ലോസു ചെയ്യാൻ പാടുള്ളൂ.
- തിയറി ഭാഗത്തിന്റെ മൂല്യനിർണയം സോഫ്റ്റ്‌വെയർ തന്നെ നടത്തുന്നതാണ്.
- സിഡി, പെൻഡ്രൈവ്, മെമ്മറി കാർഡ്, മൊബൈൽ ഫോൺ, ടാബ്‌ലറ്റ് തുടങ്ങിയവയുമായി കുട്ടികൾ ലാബിൽ പ്രവേശിക്കരുത്.
- വൈദ്യുതിയുടെയോ കമ്പ്യൂട്ടറിന്റെയോ തകരാറുമൂലം പരീക്ഷയ്ക്കിടയിൽ വിദ്യാർത്ഥിക്ക് സമയം നഷ്ടപ്പെടുന്നുവെങ്കിൽ ആ വിവരം ഇൻവിജിലേറ്ററെ ധരിപ്പിക്കേണ്ടതാണ്.

17 കുട്ടി പരീക്ഷ പൂർത്തിയാക്കുകയോ കുട്ടിക്ക് അനുവദിച്ചിരിക്കുന്ന സമയം കഴിയുകയോ ചെയ്യുമ്പോൾ ഇൻവിജിലേറ്റർ, കുട്ടി ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തി സ്കോർ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.

18 ഓരോ പ്രവർത്തനത്തിനും നൽകുന്ന സ്കോർ ഇൻവിജിലേറ്റർ തൽസമയം തന്നെ സ്കോർഷീറ്റിലും (മാതൃക Form P-3)രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് അടുത്ത വിദ്യാർത്ഥിയെ പരീക്ഷ ചെയ്യുന്നതിന് അനുവദിക്കേണ്ടതാണ്.

19 ഓരോ ദിവസവും പരീക്ഷ കഴിയുമ്പോൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

(I) അതത് ദിവസത്തേക്ക് ഷെഡ്യൂൾ ചെയ്തിരിക്കുന്ന എല്ലാ വിദ്യാർത്ഥികളും പരീക്ഷയിൽ പങ്കെടുത്തു എന്ന് ഉറപ്പു വരുത്തിയിരിക്കണം.

(II) ആ ദിവസത്തെ മുഴുവൻ കുട്ടികളുടെയും റിസൽട്ട് സോഫ്റ്റ് വെയറിലെ എക്സ്പോർട്ട് സൗകര്യം ഉപയോഗിച്ച് സെർവർ കമ്പ്യൂട്ടറിലെ ഒരു ഫോൾഡറിലേക്ക് കോപ്പി ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

20 ഒരു പരീക്ഷാ കേന്ദ്രത്തിലെ എല്ലാ വിദ്യാർത്ഥികളും പരീക്ഷയിൽ പങ്കെടുത്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

21 ഒരു പരീക്ഷാകേന്ദ്രത്തിലെ മുഴുവൻ കുട്ടികളുടെയും പരീക്ഷ പൂർത്തീകരിച്ചശേഷം പരീക്ഷയ്ക്കുപയോഗിച്ച എല്ലാ കമ്പ്യൂട്ടറുകളിൽ നിന്നുമുള്ള വിവരങ്ങൾ സോഫ്റ്റ്‌വെയറിലെ ഇംപോർട്ട് സൗകര്യം ഉപയോഗിച്ച് സെർവർ കമ്പ്യൂട്ടറിലേക്ക് പകർത്തുകയും അതിലെ എക്സ്പോർട്ട് സൗകര്യം ഉപയോഗിച്ച് വിവരങ്ങൾ ഒരു ഫോൾഡറിലേക്ക് പകർത്തി സൂക്ഷിക്കേണ്ടതും ഇതിന്റെ ഒരു കോപ്പി സിഡിയിൽ എടുത്ത് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

22 പരീക്ഷ പൂർത്തിയായിക്കഴിഞ്ഞാൽ എല്ലാ കമ്പ്യൂട്ടറുകളിൽ നിന്നുമുള്ള വിവരങ്ങൾ കോപ്പി ചെയ്തിരിക്കുന്ന കമ്പ്യൂട്ടറിൽ മുഴുവൻ കുട്ടികളുടെയും വിവരങ്ങൾ ഇംപോർട്ട് ചെയ്ത് കൺസോളിഡേറ്റഡ് സ്കോർ ഷീറ്റ് തയ്യാറാക്കി അതിന്റെ പ്രിന്റ് ഔട്ട് എടുക്കുകയും, അതിൽ എല്ലാ കുട്ടികളുടെയും വിവരങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഓരോ കുട്ടിക്കും ഇൻവിജിലേറ്റർ

നൽകിയ പ്രാക്ടിക്കൽ മാർക്ക് സ്കോർ ഷീറ്റിൽ വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതിൽ ചുമതലയുള്ള SITC യും ചീഫ് സൂപ്രണ്ടും ഒപ്പ് വച്ച് പ്രത്യേകം കവറിലാക്കി മുദ്രവയ്ക്കണം. അതിനു ശേഷം റിസൾട്ട് സിഡി തയ്യാറാക്കണം. ഇതിൽ School Registration Details ഫയൽ, സർവർ കമ്പ്യൂട്ടറിൽ നിന്നും export ചെയ്യെടുക്കുന്ന (മുഴുവൻ കുട്ടികളുടെയും റിസൾട്ട് അടങ്ങിയ) Export ഫയൽ, സ്കോർഷീറ്റിന്റെ PDF ഫയൽ എന്നിവയാണ് ഉൾപ്പെടുത്തേണ്ടത്. സ്കോർഷീറ്റിന്റെ പ്രിന്റൗട്ട് അടങ്ങിയ മുദ്രവച്ച കവറും റിസൾട്ട് സിഡിയും 2017 ഫെബ്രുവരി 14-ന് മുമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

23 പരീക്ഷ നടക്കുന്ന സമയത്ത് വൈദ്യുതിതകരാർ മൂലമോ കമ്പ്യൂട്ടറുകളുടെ തകരാറുകൾ മൂലമോ മറ്റു തരത്തിലോ പരീക്ഷയ്ക്ക് തടസ്സം നേരിട്ടാൽ കുട്ടികൾക്ക് ആ ദിവസം തന്നെ വീണ്ടും പരീക്ഷ ചെയ്യുന്നതിനുള്ള അവസരം കൊടുക്കേണ്ടതാണ്. ഈ വിവരങ്ങൾ അപ്പോൾതന്നെ സ്കോർഷീറ്റിലെ റിമാർക്ക് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സെക്രട്ടറി
പരീക്ഷാഭവൻ

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
2. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
4. എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും (ഡി.ഇ.ഒ മുഖാന്തിരം)
5. ഐടി@സ്കൂൾ പ്രോജക്ടിലെ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും.

## അനുബന്ധം (i)

## പത്താം ക്ലാസിലെ ഐടി പരീക്ഷയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

ഐ ടി പരീക്ഷയ്ക്ക് തിയറി, പ്രാക്ടിക്കൽ എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തിയറി-പ്രാക്ടിക്കൽ ഭാഗങ്ങൾ കമ്പ്യൂട്ടറിൽ തന്നെ ചെയ്യാൻ കഴിയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

**സ്കോറും മൂല്യനിർണയവും**

ഐ ടി പരീക്ഷയ്ക്ക് 50 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 10 സ്കോർ തിയറി ഭാഗത്തിനും 28 സ്കോർ ഐടി ശേഷികൾ പരിശോധിക്കുന്ന പ്രാക്ടിക്കൽ ഭാഗത്തിനും 2 സ്കോർ ഐടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും 10 സ്കോർ സി ഇ പ്രവർത്തനങ്ങൾക്കും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 28 സ്കോറിനുള്ള പ്രാക്ടിക്കൽ ഭാഗത്തിന്റെ ഉല്പന്നങ്ങളും പരീക്ഷ നടത്തുന്ന അധ്യാപകർ തന്നെ മൂല്യനിർണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. തിയറി ഭാഗത്തിന്റെ മൂല്യനിർണയം സോഫ്റ്റ്‌വെയർ തന്നെ നടത്തുന്നതാണ്.

ഐ.ടി പരീക്ഷയുടെ സമയം 1 മണിക്കൂർ ആണ്. (സമാശ്വാസ സമയം ഉൾപ്പെടെ)

**ഭാഗം I - തിയറി**

തിയറി ഭാഗത്തിന്റെ സ്കോർ 10 ആണ്. പത്താംക്ലാസിലെ ഐസിടി പാഠപുസ്തകത്തിലെ എല്ലാ അധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ തിയറി ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് വിഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്ത് ഉണ്ടാവുക. അവ ചുവടെ ചേർത്തിരിക്കുന്നു.

വിഭാഗം 1 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് ½ സ്കോറാണ്, 10 ചോദ്യങ്ങളുണ്ടാകും.

വിഭാഗം 2 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് 1 സ്കോറാണ്, 5 ചോദ്യങ്ങളുണ്ടാകും.

**ഭാഗം II - പ്രാക്ടിക്കൽ**

പ്രാക്ടിക്കൽ ഭാഗത്തിന്റെ സ്കോർ 28 ആണ്. നാല് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചോദ്യങ്ങളിൽ, ഓരോ വിഭാഗത്തിലും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. മോഡൽ പരീക്ഷയുടെ പ്രാക്ടിക്കൽ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ഓരോ പാഠഭാഗത്തിനുമുള്ള സ്കോറും ചുവടെചേർത്തിരിക്കുന്നു.

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | ഡിസൈനിങ്ങിന്റെ ലോകത്തേക്ക്, ഭൂപടവായന | 2 | 1 | 7 |
| 2 | പ്രസിദ്ധീകരണത്തിലേക്ക് | 2 | 1 | 7 |
| 3 | പൈത്തൺ ഗ്രാഫിക്സ്, വിവരസഞ്ചയം - ഒരാമുഖം | 2 | 1 | 7 |
| 4 | വെബ്ഡിസൈനിങ് മിഴിവോടെ, ചലിക്കും ചിത്രങ്ങൾ | 2 | 1 | 7 |
| | പ്രാക്ടിക്കൽ വർക്ക്ബുക്ക് | | | 2 |
| | ആകെ സ്കോർ | | | **30** |

## എസ്.എസ്.എൽ.സി മോഡൽ ഐടി പരീക്ഷയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഐടി @ സ്കൂൾ ഗ്നൂലിനക്സ് 14.04 ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ടത്.
2. നെറ്റ് ബുക്ക് കമ്പ്യൂട്ടറുകൾ കഴിവതും പരീക്ഷയ്ക്ക് ഉപയോഗിക്കാതിരിക്കുകയാണ് നല്ലത്.
3. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ വൈദ്യുത തകരാറുമൂലം കമ്പ്യൂട്ടർ ഓഫായാൽ, അതുവരെ ആ കമ്പ്യൂട്ടറിൽ പരീക്ഷ ചെയ്ത എല്ലാ കുട്ടികളുടെയും റിസൾട്ട് എടുക്കാൻ കഴിയുന്നുണ്ടെന്ന് മാർക്ക് ലിസ്റ്റെടുത്തു നോക്കി ഉറപ്പാക്കിയശേഷം മാത്രം അതിൽ പരീക്ഷ തുടരുക.
4. പരീക്ഷാ സോഫ്റ്റ്‌വെയറിൽ ലോഗിൻ ചെയ്യാൻ കഴിയാതെ വന്നാൽ,
    1. ശരിയായ യൂസർനെയിമും പാസ് വേഡുമാണ് നൽകുന്നതെന്ന് ഉറപ്പാക്കുക
    2. കീബോർഡ് ലേ ഔട്ടിൽ (System Tools → System Settings → Text Entry) ആദ്യത്തേത് ഇംഗ്ലീഷ് തന്നെയാണെന്ന് ഉറപ്പുവരുത്തുക.
    3. പരീക്ഷാ സോഫ്റ്റ്‌വെയർ ക്ലോസ് ചെയ്ത് കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് വീണ്ടും പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിച്ച് ലോഗിൻ ചെയ്യാൻ ശ്രമിക്കുക.
5. /opt-ൽ results_backup എന്നൊരു ഫോൾഡർ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു കമ്പ്യൂട്ടറിൽ അതുവരെ പരീക്ഷ ചെയ്ത എല്ലാ കുട്ടികളുടെയും റിസൾട്ട് എക്സ്പോർട്ട് ചെയ്ത നിലയിൽ ഫയലായി അതിനുള്ളിൽ ഉണ്ടാകും. (ഓരോ കുട്ടിയുടെ പരീക്ഷ കഴിയുമ്പോഴും ഇത് തനിയെ അപ്ഡേറ്റാകും. ഒരു ദിവസത്തേക്ക് ഒരു ഫയൽ എന്ന ക്രമത്തിൽ ഫയലുകൾ അതിലുണ്ടാകും. ഏറ്റവും അവസാനത്തെ ഫയലിൽ അതുവരെയുള്ള എല്ലാ കുട്ടികളുടെയും റിസൾട്ട് ഉണ്ടാകും).
6. ഏതെങ്കിലും കമ്പ്യൂട്ടറിലെ പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിക്കാതെ വന്നാലും അതുവരെ ആ കമ്പ്യൂട്ടറിൽ പരീക്ഷ ചെയ്ത എല്ലാ കുട്ടികളുടെയും റിസൾട്ട് അതിലെ results_backup ഫോൾഡറിൽ ഉണ്ടാകും. ഈ ഫോൾഡർ പെൻഡ്രൈവിലോ മറ്റോ കോപ്പിചെയ്ത് വച്ചശേഷം മാത്രം ആ കമ്പ്യൂട്ടറിലെ പരീക്ഷാ സോഫ്റ്റ്‌വെയർ റീ-ഇൻസ്റ്റാൾ ചെയ്യുക. അതിനുശേഷം ആദ്യം School Details ഫയലും അതിനുശേഷം results_backup-ലെ ഏറ്റവും പുതിയ ഫയലും ഇംപോർട്ട് ചെയ്യുക.
7. പരീക്ഷയ്ക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു കമ്പ്യൂട്ടർ ഇടയ്ക്ക് ബൂട്ട് ആകാതെ വന്നാലും അതിൽ പരീക്ഷ ചെയ്ത കുട്ടികളുടെ റിസൾട്ട് നമുക്ക് റിക്കവർ ചെയ്ത് എടുക്കാൻ സാധിക്കും. ഐടി @ സ്കൂൾ ഗ്നൂ ലിനക്സിന്റെ ലൈവ് സീഡി ഉപയോഗിച്ച് കമ്പ്യൂട്ടർ ബൂട്ട് ചെയ്തശേഷം results_backup ഫോൾഡറിലുള്ള ഫയൽ പെൻഡ്രൈവിലോ മറ്റോ കോപ്പിചെയ്തെടുത്ത് പ്രവർത്തനക്ഷമമായ മറ്റൊരു കമ്പ്യൂട്ടറിലെ പരീക്ഷാ സോഫ്റ്റ്‌വെയറിലേക്ക് ഇംപോർട്ട് ചെയ്താൽ മതി.
8. തിയറി പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ വൈദ്യുത തകരാറുണ്ടായി കമ്പ്യൂട്ടർ ഓഫായാൽ വീണ്ടും ബൂട്ട് ചെയ്ത് വരുമ്പോൾ ഡെസ്ക്ടോപ്പിലെ പാനൽ നഷ്ടപ്പെടാൻ ഇടയുണ്ട്. ഇങ്ങനെയുണ്ടായാൽ, ഹോമിലെ showpanel.sh എന്ന ഫയൽ റൺ ചെയ്താൽ പാനൽ ലഭിക്കും.

9. പരീക്ഷാ സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്യുമ്പോൾ IT exam is already running എന്ന മെസ്സേജാണ് വരുന്നതെങ്കിൽ പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നില്ല എന്നുറപ്പാക്കിയ ശേഷം കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് സോഫ്റ്റ്‌വെയർ വീണ്ടും പ്രവർത്തിപ്പിക്കുക.

10. പരീക്ഷ പൂർത്തിയായതിനുശേഷം മാർക്ക് ഷീറ്റ് ജനറേറ്റ് ചെയ്ത് പരിശോധിക്കുമ്പോൾ എല്ലാ കുട്ടികളുടെയും പ്രാക്ടിക്കൽ മാർക്ക് അതിൽ വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഏതെങ്കിലും കുട്ടിയുടെ പ്രാക്ടിക്കൽ മാർക്ക് പൂജ്യം എന്നാണ് കാണുന്നതെങ്കിൽ ഇൻവിജിലേറ്റർ ആയി ലോഗിൻ ചെയ്ത് ആ കുട്ടിയെ വീണ്ടും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുക. അപ്പോൾ കുട്ടിയുടെ പ്രാക്ടിക്കൽ മാർക്ക് ചേർക്കുന്നതിനുള്ള ജാലകമാണ് പ്രത്യക്ഷപ്പെടുക. മാർക്ക് നൽകിയ ശേഷം വീണ്ടും മാർക്ക് ഷീറ്റ് ജനറേറ്റ് ചെയ്യുക.

……………………

Form P1

# SSLC MODEL IT EXAMINATION 2016-17

## SCHEDULE

(To be published at the centre before IT examination)

Name of the School

Computer Lab No. ........... Division ..........

| Sl. No. | Class Number | Name of the Student | Date of Examination | Time | | Remarks |
|---|---|---|---|---|---|---|
| | | | | From | To | |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |
| 10. | | | | | | |
| 11. | | | | | | |
| 12. | | | | | | |
| 13. | | | | | | |
| 14. | | | | | | |
| 15. | | | | | | |
| 16. | | | | | | |

Date : Signature of the HM

**Form P 2**

## S S L C MODEL IT EXAMINATION 2016-17

## REGISTER OF COMPUTER ALLOTMENT

(To be recorded in exam register-refer)

Name of the School :

Date                    Computer Lab No.                    Division

| Sl. No. | Reg. Number | Before the commencement of the examination | | Initials of the Invigilator | Remarks |
|---|---|---|---|---|---|
| | | Computer No. | Signature of the student | | |
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 6. | | | | | |
| 7. | | | | | |
| 8. | | | | | |
| 9. | | | | | |
| 10. | | | | | |

**Date:**

**Signature of the HM**

Form P 3

# S S L C MODEL IT EXAMINATION 2016-17

## SCORE SHEET OF STUDENTS (PRACTICAL)

(To be recorded in exam register - refer)

Name of School :

Date : Computer Lab No. : Division :

| Sl. No. | Reg. Number | Group | | | | Work sheet (Max. Score 2) | Total (Max. Score 30) | Initials of the Invigilator | Remarks |
|---|---|---|---|---|---|---|---|---|---|
| | | 1 (Max. Score 7) | 2 (Max. Score7) | 3 (Max. Score 7) | 4 (Max. Score 7) | | | | |
| 1. | | | | | | | | | |
| 2. | | | | | | | | | |
| 3. | | | | | | | | | |
| 4. | | | | | | | | | |
| 5. | | | | | | | | | |
| 6. | | | | | | | | | |
| 7. | | | | | | | | | |
| 8. | | | | | | | | | |
| 9. | | | | | | | | | |
| 10. | | | | | | | | | |
| 11. | | | | | | | | | |
| 12. | | | | | | | | | |
| 13. | | | | | | | | | |
| 14. | | | | | | | | | |
| 15. | | | | | | | | | |
| 16. | | | | | | | | | |

Date : Signature of the HM